## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **733** **13.06.2012**-ൽ മറുപടിക്ക്

ഡോക്ടർ വിൻസെന്റിന്റെ പെൻഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.വി. അബ്ദുൾ ഖാദർ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ചാവക്കാട് താലൂക്ക് ആശുപത്രിയിൽ നിന്ന് വിരമിച്ച ഡോക്ടർ വിൻസെന്റിന്റെ പെൻഷൻ കഴിഞ്ഞ രണ്ടു വർഷമായി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | എ) 01.01.2008 മുതൽ 30.04.2009 വരെ ഡോ.വിൻസന്റ് വിരമിക്കലിനോട് അനുബന്ധിച്ചുള്ള അവധിയിലായിരുന്നു. ടിയാൾക്ക് പെൻഷൻ അഡ്വിറ്റ് ചെയ്തിരുന്നു. എന്നാൽ 25.10.2007 ലെ സർക്കാർ ഉത്തരവ് പ്രകാരം ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നൽകിയിട്ടും ടിയാൾ പ്രസ്തുത പ്രമോഷൻ തസ്തികയിൽ പ്രവേശിക്കുകയോ പ്രമോഷൻ റിലിൻക്വിഷ് ചെയ്യുകയോ ചെയ്തിരുന്നില്ല. ഈ കാര്യം ക്രമീകരിക്കാൻ വന്ന കാലതാമസം മൂലമാണ് പെൻഷൻ നൽകാൻ താമസം നേരിട്ടത്. |
| (ബി) സാങ്കേതിക നടപടിക്രമങ്ങളുടെ പേരിൽ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(സി) ഡോക്ടർ വിൻസെന്റിന്റെ പെൻഷൻ അടിയന്തിരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | ബി & സി) സാങ്കേതിക നടപടിക്രമങ്ങൾ കാലതാമസം ഉണ്ടാകാതെ തന്നെ പൂർത്തിയാക്കി പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ